**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6182** **09-07-2024 - ൽ മറുപടിയ്ക്ക്**

**ഏകീകൃത സോഫ്റ്റ്‌വെയർ പ്രതിമാസ ഉപയോഗ ഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം നടപ്പിലാക്കുമ്പോൾ പ്രതിമാസ ഉപയോഗ ഫീസായി സംഘങ്ങൾ തുക നൽകേണ്ടതുണ്ടോ; എങ്കിൽ എത്ര തുക വീതമാണ് നൽകേണ്ടത്; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനായി SaaS മോഡൽ സോഫ്റ്റ്‌വെയറിനാണ് ടെൻഡർ ക്ഷണിച്ചിട്ടുള്ളത്. പദ്ധതി പ്രകാരം പ്രതിമാസ സർവീസ് ചാർജ് സംഘങ്ങൾ വഹിക്കുന്ന രീതിയിലുമാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ആയതു പ്രകാരം ഒരു പ്രാഥമിക വായ്പാ സഹകരണ സംഘത്തിന്റെ ഒരു ബ്രാഞ്ചിനെ ഒരു യൂണിറ്റായി കണക്കിലെടുത്ത് പ്രതിമാസ ആവർത്തനചെലവായി 4,493.29 രൂപ സംഘം വഹിക്കേണ്ടതാണ്. സംഘങ്ങൾ നിലവിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയറുകൾക്ക് നൽകി വരുന്ന AMC തുകയേക്കാൾ കുറവാണ് ഏകീകൃത സോഫ്റ്റ് വെയറിനായുള്ള ആവർത്തന ചെലവെന്ന് വിലയിരുത്തിയിട്ടുണ്ട്. |
| (ബി) | സഹകരണ സംഘങ്ങളുടെ ഡാറ്റ പ്രസ്തുത സോഫ്റ്റ്‌വെയറിൽ സൂക്ഷിക്കുന്നതിന് പ്രത്യേകം തുക നൽകേണ്ടതുണ്ടോ; എങ്കിൽ എത്ര തുക വീതമാണ് നൽകേണ്ടത്; വിശദാംശം ലഭ്യമാക്കുമോ; | (ബി) | സഹകരണ സംഘങ്ങളുടെ ഡാറ്റ പ്രസ്തുത സോഫ്റ്റ്‌വെയറിൽ സൂക്ഷിക്കുന്നതിന് പ്രത്യേകം തുക നൽകേണ്ടതില്ല. |
| (സി) | പ്രസ്തുത സോഫ്റ്റ്‌വെയർ സംവിധാനം മുഖേന എസ്.എം.എസ്., മൊബൈൽ ബാങ്കിംഗ്, ആർ.ടി.ജി.എസ്. തുടങ്ങിയ മൂല്യവർദ്ധിത സേവനങ്ങൾ ലഭ്യമാകുന്നതിന് സംഘങ്ങൾ പ്രത്യേകം തുക നൽകേണ്ടിവരുമോ; വിശദമാക്കാമോ? | (സി) | ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം മുഖേന എസ്.എം.എസ്., മൊബൈൽ ബാങ്കിംഗ്, ആർ.ടി.ജി.എസ്. തുടങ്ങിയ മൂല്യവർദ്ധിത സേവനങ്ങൾ ലഭ്യമാകുന്നതിന് സംഘങ്ങൾ പ്രത്യേകം തുക നൽകേണ്ടി വരുന്നില്ല. |

സെക്ഷൻ ഓഫീസർ